ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ബി 6 / 01 / 2020 / മെ.വി.വ.** **തീയതി: 20/02/2021**

## പത്രക്കുറിപ്പ്

### എം.എസ്.സി നഴ്സിംഗ് മോപ് – അപ്പ് കൗൺസിലിംഗ് ഫെബ്രുവരി 25 –ന്

2020 – 2021 അധ്യയന വർഷത്തെ എം.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിലായി ഒഴിവുള്ള **8 (എട്ട് )** സീറ്റുകളിലേയ്ക്കുള്ള **മോപ്-അപ്പ് കൗൺസിലിംഗ് 2021 ഫെബ്രുവരി 25-ന് (വ്യാഴം) പകൽ** 10.30 - ന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ. തിരുവനന്തപുരം) വച്ച് നടത്തുന്നു. വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇനി വരുന്ന ഒഴിവുകൾ കൂടി ടി ദിവസത്തെ മോപ്-അപ്പ് കൗൺസിലിംഗിലൂടെ നികത്തുന്നതാണ്.

കേരള പ്രവേശന പരീക്ഷ കമ്മീഷ്ണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള 2020-ലെ എം.എസ്.സി നഴ്സിംഗ് പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് പ്രവേശനം നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകൾ, അസ്സൽ വിടുതൽ സർട്ടിഫിക്കറ്റ് (TC), മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത ഒഴിവിലേയ്ക്ക് പരിഗണിക്കുന്നത്.

**ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.dme.kerala.gov.in- എന്ന വെബ് സൈറ്റ് സന്ദർശിക്കുക.**

Signature valid
Digitally signed by JOLLY JOSE
Date: 2021.02.20 12:14:49 IST
Reason: Approved

DR.JOLLY JOSE
JOINT DIRECTOR (NURSING)

പകർപ്പ്: 1. ഡയറക്ടർ,
ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്,
തിരുവനന്തപുരം

2. . പ്രവേശന പരീക്ഷ കമ്മീഷ്ണർ, തിരുവനന്തപുരം.